# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 373 | 19-03-2013-ൽ മറുപടിക്ക്

### വൈദ്യുതിചാർജ്ജ് കുടിശ്ശികയിനത്തിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ

ചോദ്യം | ഉത്തരം

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വിവിധ വ്യവസായ യൂണിറ്റുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ വൈദ്യുതി ചാർജിനത്തിൽ എത്ര രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്; ; | (എ) 31.12.2012 വരെ വിവിധ വ്യവസായ യൂണിറ്റുകൾ വരുത്തിയിട്ടുള്ള കുടിശ്ശിക രൂ 684.81 കോടിയും സർക്കാർ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള കുടിശ്ശിക രൂ 96.27 കോടിയുമാണ്. |
| (ബി) ഓരോ വകുപ്പിന്റെയും വൈദ്യുതി ചാർജ് കുടിശ്ശിക സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) 31.12.2012 വരെ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെ വകുപ്പ് തിരിച്ച കണക്ക് അനുബന്ധം – 1 ആയി ഇതോടൊപ്പം നൽകുന്നു. |
| (സി) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>(i) വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത |

ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം യഥാസമയം വിച്ഛേദിക്കുക.

(ii) ആറ് മാസക്കാലമായി വിച്ഛേദിച്ചിട്ടിരിക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചു മാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.

(iii) കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

(iv) പൂട്ടിക്കിടക്കുന്ന എച്ച്.ടി. എൽ.ടി വിഭാഗങ്ങളിലുള്ള വ്യവസായസ്ഥാപനങ്ങൾ, പ്ലാൻറേഷനുകൾ എന്നിവ നിശ്ചിത തീയതിക്കു മുമ്പേ തുറന്നുപ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാൻറ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകി ശേഷിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കുക.

(v) ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ 'മുതൽ' ഒറ്റത്തവണയിലോ തവണകളായോ ഒടുക്കിയാൽ പലിശയിൽ ഇളവനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശിക കണക്കുകൾ

തീർപ്പാക്കുകയാണെങ്കിലോ പലിശ 3% ആയി ഇളവു ചെയ്ത് നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5% ആയിരിക്കും. കുടിശ്ശികയിലെ 'മുതൽ' ഒറ്റത്തവണയിൽ അടച്ചാൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6% ഉം 9% ഉം ആയിരിക്കുന്നതാണ്.

(vi) കുടിശ്ശിക സംബന്ധിച്ച് കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

| | |
|---|---|
| (ഡി പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകളുടെ വൈദ്യുതി ചാർജ് കുടിശ്ശിക ഇളവ് ചെയ്തു നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (ഡി) പൂട്ടിക്കിടക്കുന്നവ്യവസായ യൂണിറ്റുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഇളവു ചെയ്ത് നൽകാനുള്ള മാനദണ്ഡങ്ങൾചുവടെവിശദീകരിക്കുന്നു. |

**I. <u>തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ</u>**

(i) പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകൾ ഒരു നിശ്ചിത തീയതിക്കോ അതിനു മുമ്പോതുറന്നുപ്രവർത്തിക്കുക.പൂട്ടിക്കിടക്കുന്ന കാലയളവിലെ ഡിമാൻറ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ്

ആണ് ഒഴിവാക്കി നൽകുക.
(വ്യവസായ യൂണിറ്റുകളുടെ ഉടമസ്ഥാവകാശത്തിൽ മാറ്റം വന്നാലും ഈ ആനുകൂല്യം ലഭ്യമാക്കുന്നതാണ്).

(ii) ഈ ആനുകൂല്യം നേടുന്ന വ്യവസായ ശാലകൾ ചുരുങ്ങിയത് '6' മാസക്കാലമെങ്കിലും തുറന്നു പ്രവർത്തിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ ആനുകൂല്യംപിൻവലിക്കുന്നതാണ്.

(iii) ഹൈ-ടെൻഷൻവ്യവസായ സ്ഥാപനങ്ങ ൾക്കുള്ള ആനുകൂല്യം നൽകുന്നതിനാവശ്യമായ ജില്ലാ വ്യവസായ കേന്ദ്രംജനറൽ മാനേജർ നൽകുന്ന പൂട്ടിയതും തുറന്നതുമായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ സാക്ഷ്യപത്രം ബോർഡ് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

ലോ-ടെൻഷൻ വ്യവസായ സ്ഥാപനങ്ങൾക്കുള്ള ആനുകൂല്യം നൽകാനുള്ള അധികാരം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നൽകുന്ന പൂട്ടിക്കിടന്നതിന്റെയും തുറന്നതിന്റെയും വിശദാംശങ്ങൾ ഉൾ

ക്കൊള്ളുന്ന സാക്ഷ്യപത്രം പരിശോധിച്ചാണ് തീരുമാനം എടുക്കുന്നത്.

(iv) വൈദ്യുത ബന്ധം വിച്ഛേദിച്ച് 6 മാസം കഴിഞ്ഞ് കണക്ഷൻ അഴിച്ചെടുത്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്കും ഈ ആനുകൂല്യം നൽകുന്നതാണ്.

(v) പലിശയുൾപ്പെടെയുള്ള കുടിശ്ശികയുടെ 1/3 ആദ്യ ഗഡുവായി ഉപഭോക്താവ് അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുകയ്ക്ക് പരമാവധി '6' തവണകൾ വരെ അനുവദിക്കുന്നതാണ്.

എന്നാൽ തവണ തുകയും വൈദ്യുത ചാർജ്ജും ഉപഭോക്താവ് വീഴ്ച കൂടാതെ തുടർന്ന് അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉപഭോക്താക്കൾക്ക് നൽകപ്പെട്ട ആനുകൂല്യം പിൻവലിച്ച് വൈദ്യുത ബന്ധം വിച്ഛേദിക്കുന്നതുമാണ്.

(vi) മൂന്നുവർഷത്തിലേറെയായി പ്രവർത്തിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയതിനു ശേഷം തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടാനുണ്ടായ കാരണങ്ങൾ തൊഴിൽ തർക്കമോ, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മൂലമോ ആണെന്ന്ബോധ്യപ്പെട്ടതാനായാൽ പൂട്ടിക്കിടന്ന വിവി

ധ കാലയളവുകളിലെ ഡിമാൻറ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് ഒഴിവാക്കി നൽകുന്നതാണ്. മേൽ പ്രസ്താവിച്ചകാരണങ്ങളാലല്ലാതെ പൂട്ടിയതാണെങ്കിൽ പൂട്ടിക്കിടന്ന അവസാന കാലയളവിലെ ഡിമാൻറ് ചാർജ്ജ് /ഫിക്സഡ് ചാർജ്ജ് മാത്രമേ ഒഴിവാക്കി നൽകുകയുള്ളൂ.

(vii) ഒരിക്കൽ ആനുകൂല്യം നേടിയ ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ വീണ്ടും ഈ പദ്ധതിയിൽപരിഗണിക്കുന്നതല്ല.

**II. ഇറന്ന പ്രവർത്തിക്കുന്നില്ലെങ്കിൽ**

ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ അന്തിമമായി കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ 'പലിശ' 3% ആയി ഇളവു ചെയ്തു നൽകുന്നതാണ്. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ ഒടുക്കിയാൽ മാത്രമേ പലിശ 3% ആയി നൽകുകയുള്ളൂ. കുടിശ്ശികയിലെ 'മുതൽ' തവണകളായാണ് ഒടുക്കുന്നതെങ്കിൽ പലിശ 6% ആയിരിക്കുന്നതാണ്. കൂടാതെ ഇത്തരം ഉപഭോക്താക്കളിൽ നിന്നും പരമാവധി 6 മാസത്തെ ഡിമാൻറ് ചാർജ്ജ് കൂടി വസൂലാക്കുന്നതാണ്

(ഇ) കുടിശ്ശികയിനത്തിൽ വിവിധ വ്യവസായയൂണിറ്റുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എത്ര

(ഇ) ഈ സാമ്പത്തിക വർഷത്തിൽ LT വിഭാഗത്തിൽപ്പെട്ട വ്യവസായ യൂണിറ്റുകൾക്ക് 101.62 ലക്ഷം

| | |
|---|---|
| രൂപയുടെ ഇളവ് അനുവദിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കാമോ? | രൂപയുടേയും സർക്കാർ സ്ഥാപന ങ്ങൾക്ക് 18.66 ലക്ഷം രൂപയുടേയും ഇളവ് നൽകിയിട്ടുണ്ട്. എച്ച്.ടി വിഭാഗത്തിൽ കുടിശ്ശികയിനത്തിൽ 2004-2005 മുതൽ നാളിതു വരെ കുടിശ്ശികയിലെ ഡിമാൻറ് ചാർജ്ജ് ഒഴിവാക്കിയ ഇനത്തിൽ അനുവദി ച്ചിട്ടുള്ള ഇളവ് രൂ 15.78 കോടിയാണ്. ഇത് കൂടാതെ കുടിശ്ശികയിലെ പലിശ യിലും ഇളവ് അനുവദിച്ച് നൽകിയി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

U.S. Qn. No. 373

## STATEMENT-I

## STATE GOVERNMENT DEPARTMENTS ARREARS (AS ON 31.12.2012)

| Sl. No. | NAME OF DEPARTMENT | PRINCIPAL ARREAR UNDER LT (EXCLUDING LITIGATION) | PRINCIPAL ARREAR UNDER HT/EHT (EXCLUDING LITIGATION) | TOTAL EXCLUDING LITIGATION OF LT & HT/EHT IN RUPEES (3+4) | ARREAR UNDER LITIGATION (IN RUPEES) | TOTAL ARREAR IN RUPEES (5+6) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | (a) AGRICULTURE DEPARTMENT | 1,995,678 | NIL | 1,995,678 | 106,281 | 2,101,959 |
| | (b) FREE SUPPLY OF ELECTRICITY TO ELIGIBLE FARMERS | 383,582,225 | NIL | 383,582,225 | 6,505,825 | 390,088,050 |
| 2 | HOME DEPARTMENT | 424,922,179 | NIL | 424,922,179 | 2,602,831 | 427,525,010 |
| 3 | HEALTH DEPARTMENT | 43,600,455 | 19,164,356 | 62,764,811 | | 62,764,811 |
| 4 | IRRIGATION DEPARTMENT | 9,244,199 | 31,655,285 | 40,899,484 | | 40,899,484 |
| 5 | REVENUE DEPARTMENT | 9,630,677 | 6,417,111 | 16,047,788 | | 16,047,788 |
| 6 | JUDICIARY | 3,240,733 | 126,653 | 3,367,386 | | 3,367,386 |
| 7 | EDUCATION DEPARTMENT | 1,933,977 | 1,385,054 | 3,319,031 | 1,192,778 | 4,511,809 |
| 8 | TOURISM DEPARTMENT | 1,442,196 | NIL | 1,442,196 | | 1,442,196 |
| 9 | OTHERS (ARREARS BELOW ONE LAKH OF RUPEES) | 600,458 | 129,203 | 729,661 | 543,324 | 1,272,985 |
| 10 | PUBLIC WORKS DEPARTMENT | 1,763,248 | NIL | 1,763,248 | | 1,763,248 |
| 11 | FOREST DEPARTMENT | 170,327 | 790,186 | 960,513 | 144,965 | 1,105,478 |
| 12 | DAIRY DEVELOPMENT DEPARTMENT | 13,896 | NIL | 13,896 | | 13,896 |
| 13 | REGISTRATION DEPARTMENT | 198,732 | NIL | 198,732 | | 198,732 |
| 14 | SC & ST DEVELOPMENT DEPARTMENT | 278,777 | NIL | 278,777 | 11,397 | 290,174 |
| 15 | JAILS DEPARTMENT | 307,787 | NIL | 307,787 | | 307,787 |
| 16 | VETERINARY DEPARTMENT/ANIMAL HUSBANDRY DEPT. | 123,237 | 69,351 | 192,588 | | 192,588 |
| 17 | LAW DEPARTMENT | 441,460 | NIL | 441,460 | | 441,460 |
| 18 | AYURVEDA MEDICAL EDUCATION DEPARTMENT | 222,479 | 97,029 | 319,508 | | 319,508 |
| 19 | RAJEEV GANDHI INSTITUTE OF TECHNOLOGY | NIL | 213,459 | 213,459 | | 213,459 |
| 20 | KERALA STATE SCIENCE & TECHNOLOGY MUSEUM | NIL | 121,111 | 121,111 | | 121,111 |
| 21 | FIRE SERVICE DEPARTMENT | 122,101 | | 122,101 | | 122,101 |
| 22 | HARBOUR ENGINEERING DEPARTMENT | 108,933 | | 108,933 | | 108,933 |
| 23 | LABOUR DEPARTMENT | 113,432 | | 113,432 | | 113,432 |
| 24 | SPORTS & YOUTH AFFAIRS DEPARTMENT | 166,949 | | 166,949 | | 166,949 |
| 25 | LOCAL SELF GOVERNMENT | 7,157,608 | | 7,157,608 | | 7,157,608 |
| | TOTAL IN RUPEES | 891,381,743 | 60,168,798 | 951,550,541 | 11,107,401 | 962,657,942 |

സെക്ഷൻ ഓഫീസർ